പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.259** | **02.03.2020-ൽ മറുപടിക്ക്**

**മങ്കട നിയോജക മണ്ഡലത്തിൽ ഹോമിയോ ആശുപത്രി**

**ചോദ്യം**

ശ്രീ.ടി.എ.അഹമ്മദ് കബീർ

**മറുപടി**

ശ്രീമതി. കെ കെ ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും

വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മങ്കട നിയോജക മണ്ഡലത്തിൽ ഹോമിയോ ആശുപത്രി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് നടത്തിയിട്ടുള്ള സർക്കാർ ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | കേരള സംസ്ഥാനത്തെ സമ്പൂർണ്ണ ഹോമിയോപ്പതി സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാരിന്റെയോ എൻ.എച്ച്.എം.-ന്റെയോ, എസ്.സി.പി.യുടെയോ ഡിസ്പെൻസറികൾ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഹോമിയോപ്പതി ഡിസ്പെൻസറികൾ ആരംഭിക്കുക എന്നതാണ് സർക്കാരിന്റെ നയം. പ്രസ്തുത നയം ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷം 10 ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്. ഇനി 32 പഞ്ചായത്തുകളിൽ കൂടി ഡിസ്പെൻസറികൾ ആരംഭിക്കുവാൻ അവശേഷിക്കുന്നുണ്ട്. |
| (സി) | മേൽ വിഷയവുമായി ബന്ധപ്പെട്ട് വകുപ്പ് തലത്തിൽ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (സി) | ഉപകരണ സംഭരണത്തിനായി വേണ്ടി വരുന്ന ചെലവ്, ഹോമിയോ ആശുപത്രിയ്ക്ക് ആവശ്യമായ ഭൗതിക സാഹചര്യം നൽകുവാൻ ബന്ധപ്പെട്ട പഞ്ചായത്ത് സന്നദ്ധമാണെന്ന് കാണിച്ചുകൊണ്ടുള്ള സമ്മതപത്രം ലഭിച്ചിട്ടുണ്ടോ എന്നിവ സംബന്ധിച്ച വിവരശേഖരം നടത്തുവാൻ സർക്കാർ തലത്തിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്നല്ലാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് പഠനങ്ങളൊന്നും നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.